26 (*202) സഹകരണ മേഖലയിലെ നിയമനങ്ങൾക്ക് സംവരണം

ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിലുള്ള നിയമനങ്ങൾക്ക് സംവരണതത്വം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംവരണതത്വം പാലിക്കാൻ നിർദ്ദേശം നൽകിയിട്ടും പാലിക്കാൻ കൂട്ടാക്കാത്ത സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ സ്ഥാപനങ്ങളിലെ അത്തരം നിയമനങ്ങൾ റദ്ദു ചെയ്തുകൊണ്ട് സംവരണതത്വം പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സഹകരണ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നിയമനങ്ങളിൽ സംവരണം നൽകുന്നതിനായി കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) നിയമം 1986 അനുസരിച്ച് കേരള സഹകരണസംഘം നിയമത്തിന്റെ 80-ാം വകുപ്പിൽ (4) എന്നൊരു ഉപവകുപ്പുകൂടി ചേർത്തിട്ടുണ്ട്. 23-2-1985 മുതൽ പ്രാബല്യത്തിൽ വന്ന ടി നിയമത്തിന്റെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനങ്ങളിൽ തസ്തികകളുടെ 10 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ കർശനമായി പാലിക്കുന്നു എന്ന് ഉറപ്പ്വരുത്തുന്നതിന് സർക്കുലർ നിർദ്ദേശങ്ങൾ സഹകരണ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

നിയമനം പി.എസ്.സി.ക്കു വിട്ട സഹകരണസ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പൊതുവായ സംവരണ വ്യവസ്ഥ പാലിച്ചുകൊണ്ടായിരിക്കും പി.എസ്.സി.ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുന്നത്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ സംവരണം പാലിക്കാത്ത സ്ഥാപനങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സഹകരണസംഘങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ സംവരണം പാലിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോഴെല്ലാം അക്കാര്യം പരിശോധിച്ച് നിയമപരമായ നടപടികൾ സ്വീകരിക്കാറുണ്ട്.

27 (*203) അപ്പെക്സ് സഹകരണസ്ഥാപനങ്ങളിലെ നിയമനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അപ്പെക്സ് സഹരണസ്ഥാപനങ്ങളിൽ ആകെ എത്ര ഒഴിവുകളുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം അപ്പെക്സ് സഹകരണസ്ഥാപനങ്ങളിൽ നേരിട്ട് നിയമനം നടത്താൻ ഉദ്ദേശിക്കുന്നു; ഏതെല്ലാം തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (<u>ശ്രീ. എസ്. ശർമ്മ</u>) :

(എ) സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന സംസ്ഥാനത്തെ അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിൽ ആകെ 414 ഒഴിവുകൾ ഉണ്ട്.

(ബി) നേരിട്ടുള്ള നിയമനം പി.എസ്.സി.ക്കു വിട്ട സംസ്ഥാനത്തെ 15 അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലേക്കും 14 ജില്ലാ സഹകരണ ബാങ്കുകളിലെയും ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കി പി.എസ്.സി.ക്കു സമർപ്പിച്ച് അംഗീകാരം വാങ്ങാൻ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കി സമർപ്പിച്ച് പി.എസ്.സി. വഴിയുള്ള നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പി.എസ്.സി. വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 15 അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലെ നേരിട്ടുള്ള നിയമനമാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അവയുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.[+] നേരിട്ട് നിയമനം നിശ്ചയിക്കുന്ന തസ്തികകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതാണ്.

(ഡി) ജില്ലാ സഹകരണ ബാങ്കുകൾ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കി അംഗീകാരം വാങ്ങിയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെത്തുടർന്ന് ഒഴിവുകൾ പി.എസ്.സി. വിജ്ഞാപനം ചെയ്തിട്ടുണ്ട്. മറ്റ് അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിൽ നിയമനം ആവശ്യമായി വന്നാൽ അതാത് സ്ഥാപനങ്ങൾ പി.എസ്.സി.യെ അറിയിക്കേണ്ടതാണ്.

(ഇ) നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊടുത്തതിനാൽ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളാണ് ഇക്കാര്യത്തിൽ ഇനിയുള്ള നടപടി സ്വീകരിക്കേണ്ടത്.

28 (*204) വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ

<u>ശ്രീ. തമ്പാനൂർ രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദന വിതരണ മേഖലകളിൽ ഇപ്പോൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

[+] അനുബന്ധം III
1053/2010.

LIBRARY ARCHIVES Kerala Legislative Assembly

24.	സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് തൊഴിൽ കണ്ടെത്തുന്നതിന് സബ്സിഡി നല്കുന്ന പദ്ധതി	0.29	0.35	0.37	0.39
25.	ഇഷ്ടാനുസാര ഗ്രാന്റ്	0.35	2.00	2.20	2.20
26.	മിശ്രവിവാഹ ധനസഹായം	0.88	1.00	1.10	1.10
27.	ബാലവാടികളുടെയും ക്രഷുകളുടേയും നടത്തിപ്പ്	28.28	6.29	16.06	13.88
28.	കോളനൈസേഷൻ പദ്ധതി	3.00	6.00	3.30	3.50
29.	ഭവനനിർമ്മാണ പദ്ധതി	10.56	5.00	5.50	5.50
30.	ഭവന നിർമ്മാണത്തിന് സ്ഥലം വിലയ്ക്ക് വാങ്ങുന്ന പദ്ധതി	–	6.00	1.05	1.25
31.	പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ	1631.26	2297.96	2632.06	291.8

അനുബന്ധം II

(21.12.1999-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 27(203) ന്റെ ഉത്തരം കാണുക).

നിയമനം പി.എസ്.സി.ക്കു വിട്ട അപ്പെക്സ് സഹകരണ സ്ഥാപനങ്ങൾ

1. കേരള സംസ്ഥാന സഹകരണ ബാങ്ക്.
2. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്.
3. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ
4. കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ
5. കേരള സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
6. കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ
7. കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ
8. കേരള കേര കർഷക സഹകരണ ഫെഡറേഷൻ
9. കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ
10. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ
11. കേരള സ്റ്റേറ്റ് കാഷ്യൂവർക്കേഴ്സ് അപ്പക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി
12. കേരള സ്റ്റേറ്റ് ഹാൻഡ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
13. കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ് അപ്പക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
14. കേരള സംസ്ഥാന സഹകരണ ടെക്സ്റ്റയിൽ ഫെഡറേഷൻ
15. കേരള സംസ്ഥാന സഹകരണ കയർ മാർക്കറ്റിംഗ് ഫെഡറേഷൻ

LIBRARY ARCHIVES Kerala Legislative Assembly